CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# പാതിരയ്ക്ക് ഒരു ഇറങ്ങിപ്പോക്ക്

മേനാശ്ശേരി

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



www.TheCMSIndia.org



# പാതിരയ്ക്ക് ഒരു ഇറങ്ങിപ്പോക്ക്

SPECIAL ILLUSTRATED COLLECTOR'S EDITION

മേനാശ്ശേരി

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIn

CHRISTIAN MUSICOLOGICAL SOCIETY of INDIA

# പാതിരയ്ക്ക് ഒരു ഇറങ്ങിപ്പോക്ക്

**ചെ**റിയ തോബിയാസിന് നിന്നേടത്തുനിന്നിട്ട് നില്പ് ഉറയ്ക്കുന്നില്ല. എവിടെനിന്നാണ് തേങ്ങിത്തേങ്ങിയുള്ള ഈ കരച്ചിൽ കേൾക്കുന്നത്? ഒരിക്കൽക്കൂടി തോബിയാസ് കാതോർത്തുനോക്കി. അതേ, ആ ദീനരോദനംതന്നെ വീണ്ടും വീണ്ടും.

നല്ലവരായ ഇടവകക്കാരികൾ സീരിയൽ കാണുന്ന സമയമായിരിക്കും. അതിലെ നിലയ്ക്കാത്ത പതിവു കരച്ചിലായിരിക്കുമെന്നാണ് ആദ്യം കരുതിയത്. അപ്പോഴാണ് റോമിൽനിന്ന് പണ്ടൊരു വികാരിയച്ചൻ കൊണ്ടുവന്ന പള്ളിയകത്തെ നാഴികമണി പന്ത്രണ്ടടിക്കുന്നത്. ഈ നട്ടപ്പാതിരയ്ക്ക് കേൾക്കുന്ന കരച്ചിൽ സീരിയൽ നടിമാരുടേതല്ലെന്ന് തോബിയാസ്സിന്ന് മനസ്സിലായി. പാതിരാപ്പടമായിരിക്കുമോ? ഏയ്! ഒരിക്കലുമാവില്ല. ഒല്ലൂർക്കാരൊന്നും പാതിരാപ്പടം കാണില്ല.

CHRISTIAN MUSICOLOGICAL SOCIETY of INDIA



മാലാഖയുടെ കൈ വിടീയ്ക്കാതെ തോബിയാസ് താഴേയ്ക്കുനോക്കി. ഭക്തന്മാരാരാനും ഇരുന്ന് ഉറങ്ങുന്നത് കാണാതെ കപ്യാർ പള്ളിവാതിലടച്ചുപോയതായിരിക്കുമോ? ഉറക്കമുണർന്ന ഭക്തന്റെ കരച്ചിലാണോ എന്ന് ശ്രദ്ധിച്ചുനോക്കി. താഴെ പള്ളിയകത്ത് ആരെയും കാണ്മാനില്ലായിരുന്നു.

തോബിയാസ് ഇടതുകയ്യിലെ മീൻ പതുക്കെ നിലത്തുവച്ചു. വലതുകയ്യിലെ വളയും ഇടതുകൈകൊണ്ട് എടുത്തുമാറ്റി. എന്നിട്ട് സാവകാശത്തിൽ മാലാഖയുടെ മുറുകെ പിടിച്ച കൈ വിടുവിച്ചു. നീണ്ട ഒരു വർഷത്തിനു ശേഷം മിഖായേലും ഗബ്രിയേലുമൊന്നിച്ച് ഒല്ലൂരങ്ങാടി ചുറ്റിയ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പ്പോൾ ചർച്ചചെയ്ത സ്വർഗ്ഗത്തിലെ ചില ഗ്രൂപ്പുവഴക്കുകളെക്കുറിച്ചാലോചിച്ച് അന്തംവിട്ടു നിൽക്കുകയായിരുന്നു എറപ്പായി മാലാഖ. അതുകൊണ്ട് തോബിയാസ് തന്റെ കൈ വിടുവിച്ചത് അറിഞ്ഞതേയില്ല.



*സിംഹത്തിന്റെ പുറത്ത് പതുക്കെ ചവുട്ടി*

ഏഷ്യയിലെ – ഒരു പക്ഷെ ലോകത്തിലെതന്നെ– ഏറ്റവും വലിയ പുഷ്പക്കൂടിന്റെ ഞെട്ടിൽ പിടിച്ച് സിംഹത്തിന്റെ പുറത്ത് പതുക്കെ ചവുട്ടി മുകളിലേയ്ക്കു കയറി. മുകളിലെ വരാന്തയിൽനിന്ന് പുഷ്പത്തിൽ പ്രസംഗിക്കാനായി അച്ചന്മാർക്ക് കയറാനുള്ള വാതിൽപാളികൾ നീക്കി പുറത്തുകടന്നു. മുറ്റത്തേയ്ക്ക് നോക്കി. കൊച്ചുതോട്ടത്തിന്റെ നടുക്കുള്ള സ്മാരകസ്തംഭത്തിലെ അന്തോണീസിന്റെ മുന്നിൽ ആരെയും കണ്ടില്ല. കൈക്കാരൻമാരുടെയും കൊച്ചച്ചൻമാരുടെയും വരാന്തകൾ വിജനമായിരുന്നു;

കൂടുതുറക്കലിന് വികാരിയച്ചൻ ചില്ലുവാതിൽ നീക്കുന്നതുപോലെ ചെറിയ തോബിയാസ് രൂപക്കൂടിന്റെ വാതിൽ തുറന്നു. അകത്തുനിന്ന് തുറക്കാൻ കുറച്ചു ബുദ്ധിമുട്ടുണ്ടായിരുന്നുവെങ്കിലും. ത്രൊണ്ണോസിന്റെ പടികളിൽ ഇറങ്ങിനിന്ന് ചുറ്റും നോക്കിയിട്ടും പള്ളിയകത്തൊരിടത്തും ആരെയും കണ്ടില്ല. ഇനി നടുമുറ്റത്തുള്ള അന്തോണീസിന്റെ മുമ്പിൽ ആരെങ്കിലും നിന്ന് കരയുകയാണോ?



*വരാന്തകൾ വിജനമായിരുന്നു*

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

വലിയ ഗോവണിയും. കുശിനിയുടെ താഴെ ഇറയത്ത് വാച്ച്മാൻ മാത്രം കൂർക്കംവലിച്ചുറങ്ങുന്നുണ്ട്.



*വരാന്തകൾ വിജനമായിരുന്നു;വലിയ ഗോവണിയും.*

വീണ്ടും തേങ്ങൽ. തേങ്ങിത്തേങ്ങിയുള്ള കലശലായ കരച്ചിൽ. പുറകിൽ പള്ളിയകത്തുനിന്നുതന്നെ ആണെന്നു തോന്നുന്നു. തേങ്ങലിന്റെ ഉറവിടമന്വേഷിച്ച് തിരിച്ച് പള്ളിയകത്തു പ്രവേശിച്ചു. നോക്കുമ്പോൾ കപ്പേള വാതിൽക്കലുള്ള അൾത്താരയിലെ വ്യാകുലമാതാവാണ് വിലപിക്കുന്നതെന്ന് മനസ്സിലായി. തോബിയാസ് അടുത്തുചെന്ന് അമ്മ എന്തിനാണ് കരയുന്നതെന്നു ചോദിച്ചു.


വ്യാകുലമാതാവ് പറഞ്ഞു: "ലോകത്തിലെ ഏറ്റവും വലിയ ഇടവകകളിലൊന്നായ ഒല്ലൂരും, ഒല്ലൂരുനിന്നു പിരിഞ്ഞുപോയ ഇടവകകളിലും, ചുറ്റുപാടുമുള്ള മറ്റിടവകകളിലും കഴിഞ്ഞുകൂടുന്ന എത്രയോ ആയിരം ആളുകളുണ്ട്. അവരിൽ ഓരോരോരോ കാരണങ്ങൾകൊണ്ട് ദു:ഖിയ്ക്കുന്ന നിരവധി പേരുടെ ശബ്ദം ഞാൻ കേൾക്കുന്നു. പെരുന്നാളിന്റെ ഈ ശുഭദിവസങ്ങളിൽപ്പോലും. അവർക്കുവേണ്ടി ഒന്നും ചെയ്യാനാകുന്നില്ലല്ലോ എന്നതാണ് എന്റെ ദു:ഖം. എന്റെ മകൻ ജീവിച്ചിരുന്നപ്പോൾ കാനായിലെ കല്യാണാവസരത്തിൽ ഞാൻ ഇടപെട്ട് വീഞ്ഞുണ്ടാക്കിക്കൊടുത്തു. ഇപ്പോഴാണെങ്കിൽ എന്റെ മടിയിൽ ജീവനറ്റു കിട





www.TheCMSIndia.org

ക്കുന്ന മകനോട് ഒന്നും പറയാൻ നാക്കു പൊന്തുന്നില്ല. പെരുന്നാളിന്റെ ഈ ദിവസങ്ങളിൽ വീഞ്ഞിന് ഒല്ലൂരിൽ പഞ്ഞമുണ്ടാകില്ലെന്നറിയാം. എന്നാൽ മറ്റു പലതിന്റെയും കുറവുകൊണ്ട്




*സിംഹത്തിന്റെയും രണ്ടാനകളുടെയും കണ്ണിൽനിന്ന് കണ്ണീരിറ്റുവീഴുകയാണ്.*



*ജീവനറ്റു കിടക്കുന്ന മകനോട് ഒന്നും പറയാൻ നാക്കു പൊന്തുന്നില്ല.*

തീരാദു:ഖത്തിലകപ്പെട്ടിരിക്കുന്ന എത്രയോ പേരെ ഞാൻ മനസ്സിൽ കാണുന്നു". വ്യാകുലമാതാവ് ഒരു കണക്കിന് പറഞ്ഞു നിർത്തി. വീണ്ടും വിതുമ്പിക്കരയാൻ തുടങ്ങി.



സിംഹത്തിന്റെയും രണ്ടാനകളുടെയും കണ്ണിൽനിന്ന് കണ്ണീരിറ്റു വീഴുകയാണ്. തോബിയാസിന്റെ കണ്ണുകളും ഈറനണിഞ്ഞിരുന്നു. ദേവമാതാവിന്റെ ദു:ഖമകറ്റാൻ എന്തെങ്കിലും ചെയ്യണമെന്നുതന്നെ തോബിയാസ് നിശ്ചയിച്ചുറച്ചു. ഇടവക മദ്ധ്യസ്ഥനായ അന്തോണീസ് പുണ്യവാനോട് കാര്യം പറഞ്ഞിട്ടാവാം ഇനിയുള്ള നടപടികൾ എന്ന് തീരുമാനിച്ചു. പ്രോട്ടോക്കോളിന്റെ പ്രശ്നം ഉണ്ടാക്കണ്ടല്ലോ. മാത്രമല്ല, അന്തോണീസ് പുണ്യവാനാകുമ്പോൾ കൂടെ ഉണ്ണിയും ഉണ്ടാവാതിരിക്കില്ല. തോബിയാസ് മദ്ബഹയിലേയ്ക്കുള്ള പടികൾ കയറി. വലിയ അൾത്താരയുടെ പുറകിലുള്ള ഗോവണി വഴി അന്തോണീസിന്റെ അടുത്തെത്തി. ജനങ്ങളുടെ ദു:ഖകാരണമന്വേഷിക്കുന്നതിന്നും പരി




www.TheCMSIndia.org

ഹാരമുണ്ടാക്കുന്നതിന്നും കൂടെ വന്നാൽ വേണ്ടില്ലെന്ന് പറഞ്ഞു.



*അന്തോണീസ് പുണ്യവാന്റെ അത്ഭുതങ്ങൾ*

അന്തോണീസ് പുണ്യവാൻ പണ്ട് പ്രവർത്തിച്ചിട്ടുള്ള അത്ഭുതങ്ങളെക്കുറിച്ച് കേട്ടറിഞ്ഞിരുന്നതുകൊണ്ടാണ് അദ്ദേഹത്തെ കൂടെപ്പോരാൻ നിർബന്ധിച്ചത്. പക്ഷെ അന്തോണീസ് പറഞ്ഞു: “എനിക്ക് ഒല്ലൂർക്കാരെയും അയൽ ഇടവകക്കാരെയും സഹായിക്കാൻ തോബിയാസിന്റെ കൂടെപ്പോരണമെന്നുണ്ട്. പക്ഷെ എന്തുചെയ്യാം. പഴുവിൽക്കാർ ആരെങ്കിലും കണ്ടാൽ അവരെന്നെ പിടിച്ചുകൊണ്ടുപോയി അവരുടെ രൂപക്കൂട്ടിലാക്കും. അതുകൊണ്ട് എന്റെ പെരുന്നാളിനുപോലും പുറത്തിറങ്ങി നടക്കാൻ പറ്റാത്ത അവസ്ഥയാണെനിക്ക്”. തോബിയാസ് വിഷണ്ണവദനനായി ഗോവണിയുടെ പടികളിറങ്ങി പള്ളിയകത്ത് തിരിച്ചെത്തി.

കൂട്ടിലിരിക്കുമ്പോൾ കപ്യാർ താക്കോൽക്കൂട്ടങ്ങൾ ത്രേസ്യാപുണ്യവതിയുടെ അൾത്താരയ്ക്കു പിന്നിൽ ഒളിപ്പിച്ചുവയ്ക്കുന്നത് കണ്ടിട്ടുണ്ട്. അവിടെ ചെന്ന് താക്കോലുകൾ എടുത്ത് അരയിലെ ചരടിൽ തൂക്കി. മദ്ബഹയ്ക്കു മുകളിലുള്ള ത്രിത്വത്തെയും പള്ളിയകത്ത് കല്ലിലും മരത്തിലും ചായത്തിലും ലോഹത്തിലുമുള്ള



*അന്തോണീസ് പുണ്യവാനാകുമ്പോൾ കൂടെ ഉണ്ണിയും ഉണ്ടാവാതിരിക്കില്ല*

CHRISTIAN MUSICOLOGICAL SOCIETY OF INDIA



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

അയ്യായിരത്തേഴ് മാലാഖമാരേയും മനസ്സിൽ ധ്യാനിച്ച് വീണ്ടും പുഷ്പക്കൂടിന്റെ അടുത്തേയ്ക്കു നീങ്ങി. പുഷ്പക്കൂടിൽ പിടിച്ചുകയറി ചെറു വാതിൽ തുറന്ന് മുകളിലെ വരാന്തയിൽ വീണ്ടുമെത്തി. വികാരിയച്ചന്റെ മുറി അടഞ്ഞു കിടക്കുകയാണ്. പള്ളിയുടെ സ്വർണ്ണശേഖരത്തിലേയ്ക്കുള്ള വഴി വികാരിയച്ചന്റെ മുറിയിൽക്കൂടിയായതിനാൽ വളരെമുൻകരുതൽ ആവശ്യമാണല്ലോ. ഗോവണിയുടെ ചുവട്ടിലേയ്ക്കിറങ്ങി. നിലാവെളിച്ചത്ത് മണിമാളികയുടെ അടുത്തേയ്ക്ക് നടന്നു.



പണ്ട് പത്രങ്ങളിലൊക്കെ എഴുതിയിരുന്നതുപോലെ ഒരു കാപ്സ്യൂൾ ലിഫ്റ്റ് ഉണ്ടായിരുന്നെങ്കിൽ എളുപ്പം മുകളിലെത്താമായിരുന്നു. താക്കോലെടുത്ത് മണിമാളികയുടെ വാതിൽ തുറന്ന് തോബിയാസ് സാവധാനം സൂക്ഷിച്ച് മുകളിലേയ്ക്ക് കയറാനാരംഭിച്ചു. വൃത്തികേടായി കിടക്കുന്ന ഈ ചുമരുകളിൽ മാലാഖയുടെയും അന്തോണീസിന്റെയും അത്ഭുതകഥകൾ ആലേഖനം ചെയ്തിരുന്നെങ്കിൽ! സഭാചരിത്ര സംഭവങ്ങളെങ്കിലും ചിത്രീകരിക്കാമായിരുന്നു. പുറംഭിത്തികളിൽ കൊന്തയിലെ ഇരുപതു രഹസ്യങ്ങൾ ചിത്രീകരിച്ചാൽ ഇതൊരു കൊന്ത ഗോപുരമായേനെ. അമ്മയ്ക്ക് ഏറെ ഇഷ്ടപ്പെടുകയും ചെയ്യും. ഒന്നുമല്ലെങ്കിൽ പള്ളിയുടെ ഓടുമാറ്റിയപ്പോൾ ഭംഗിയില്ലാത്ത ഈ ആസ്ബസ്റ്റോസിനു പകരം ചെമ്പു പൊതിയാമായിരുന്നു. പണ്ടത്തെ കാരണവന്മാർ ഉണ്ടായിരുന്നെങ്കിൽ അവർ എത്ര നല്ല കാര്യങ്ങൾ ചെയ്തേനെ. പറഞ്ഞിട്ടെന്താ, കലികാലമല്ലേ.


പലതും ചിന്തിച്ച് ചിന്തിച്ച് കോണി കയറിയപ്പോൾ ഇളകിനിന്നിരുന്ന ഒരു പടിയിൽ അറിയാതെ ചവിട്ടി. അതിളകി ചടപിടാന്ന് താഴെയ്ക്കുരുണ്ടു.

“എന്താണൊരൊച്ച കേൾക്കുന്നുത്?” ആരോ ചോദിക്കുന്ന ശബ്ദം. തോബിയാസ് മണിമാളികയുടെ പോയിന്റ്ഡ് ആർച്ചു



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS

www.TheCMSIndia.org